
# ചായം തേച്ച പടികൾ





ജി.എച്ച്.എസ്
പെരകമണ്ണ

# പടികളിൽ ചായം ചേർത്തവർ

സന

ആഷിഖ്  ( ലേ ഔട്ട് )

നൂറ  ( കവർ പേജ് )

സനൽ

ഷിബില

അഷ്ബിൻ

റിയ

അഖിൽ

നാസ്നി


## ഉള്ളടക്കം

പ്രിയ കൂട്ടരേ....................................................................................................4
സന്ദേശം.............................................................................................................5
ഓർമ...................................................................................................................6
.....യാത്രാഡയറി...................................................................................................7
ഭയം...................................................................................................................18
ഒരു പാലക്കാടൻ യാത്ര.......................................................................................20
പ്രളയം.............................................................................................................23
വേർപാട്...........................................................................................................25
വെള്ളില വള്ളി.................................................................................................26
കൗമാരം...........................................................................................................27
ലോകസമാധാന ദിനം........................................................................................28
വൈകിയറിഞ്ഞ സ്നേഹം....................................................................................31
സൂക്ഷിക്കുക ഇന്റർനെറ്റ്....................................................................................34
സൂര്യമാനസം....................................................................................................36
ആഗ്രഹം,ലക്ഷ്യം,വിജയം...................................................................................37
ലഹരി സമൂഹത്തിൽ..........................................................................................41
.......................................................................................................................42
*അച്ചടക്കം വിദ്യാർത്ഥികളിൽ*...........................................................................42
ഇന്ത്യയുടെ ചൈതന്യം........................................................................................44
കേരളം.............................................................................................................45
ധന്യ നിമിഷങ്ങളിലൂടെ......................................................................................46
.......................................................................................................................48
നന്ദി..................................................................................................................49

# പ്രിയ കൂട്ടരേ....

"ചായം തേച്ച പടികൾ" എന്ന മാഗസിനിലെ പടികളിൽ ചായം ചേർത്തത് ജി.എച്ച്.എസ്.പെരകമണ്ണയിലെ വിദ്യാർത്ഥികളാണ്. കുറഞ്ഞ സമയം കൊണ്ട് തയ്യാറാക്കിയ ഈ മാഗസിനിൽ തെറ്റുണ്ടെങ്കിൽ സദയം പൊറുക്കണം.

എല്ലാതരത്തിലുമുള്ള കഥകളും കവിതകളും മറ്റും ഉൾപ്പെടുത്തിയിട്ടുള്ള ഈ മാഗസിൻ നിങ്ങൾക്ക് രസകരമായി ആസ്വദിക്കാൻ കഴിയുമെന്ന വിശ്വാസത്തോടെ..........



**എഡിറ്റർ**

# സന്ദേശം

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയതിൽ സന്തോഷിക്കുന്നു. വിദ്യാഭ്യാസ രംഗത്തെ നൂതന സംരഭമായ ഡിജിറ്റൽ മാഗസിൻ കുട്ടികളിൽ സർഗവാസന വർധിപ്പിക്കുന്നതോടൊപ്പം വിവര സാങ്കേതിക വിദ്യയിൽ താൽപര്യവും ആഭിമുഖ്യവും വളർത്തുന്നതാണ്. ഇതിനു പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങളും അധ്യാപകരും അഭിനന്ദനം അർഹിക്കുന്നു. വിവര സാങ്കേതിക വിദ്യയിൽ ഉയരങ്ങളിലെത്താൻ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

സീനത്ത്

**ഹെഡ്മിസ്ട്രസ്**

# ഓർമ

## (കവിത)



ഓർമകളിലെവിടെയോ മറന്നിട്ട
ഇന്നലെയുടെ ഇടനാഴിയിലേക്ക്
മനസ്സറിയാതെ നീങ്ങീടവേ
തളം കെട്ടി നിൽക്കുന്നൊരെൻ
മരവിച്ച പോയോരോർമകൾ
പൊട്ടിയ മൺകുടത്തിന്റെ
വക്കുകഷ്ണം സൂക്ഷിച്ച ബാല്യവും
മനസ്സിലെ നോവിനെ ചിരിച്ച
മയക്കിയോരെൻ നിഷ്കളങ്കതയും
കാറ്റിൽ പൊട്ടിയ പട്ടവും
ഇന്നോരോർമയായ് മാത്രം
തകർന്ന സ്വപ്നങ്ങളുടെ
നിറം ചാലിച്ചഴുതിയൊരോർമ
മനസിന്റെ വഴിത്താരയിലെന്നോ
കുടുങ്ങിയൊരു വളപ്പൊട്ടിനായ്
ചുറ്റും പരതി നോക്കി സ്വയം
ഉത്തരം കിട്ടാത്തൊരുപിടി ചോദ്യങ്ങളിനിയും

*ഹെന്ന ഫായ്സ 9A*

## .....യാത്രാഡയറി......

തൊട്ടടുത്ത്, പിറകിലെ സീറ്റുകളിൽ ഞങ്ങളുടെ കൂടെയുള്ളവർ തന്നെയാണ്... രാവിലത്തെ നല്ലൊരു ചായയ്ക്ക് ശേഷം തുടങ്ങിയ ചീട്ടുകളിയിൽ നിന്ന് ഉണരുന്നത്, അവിടെ ബഹളം കേട്ടുകൊണ്ടാണ്. ചീട്ടുകളിക്കൂട്ടം അങ്ങോട്ടുപോയി. ഞാൻ സാവധാനം എഴുന്നേറ്റ് ചെറിയ ദാഹവും തീർത്ത് പിന്നാലെ ചെന്നു, മനസ്സുനിറയെ അടുത്തതായി ചേർത്തുവയ്ക്കേണ്ട പുള്ളിയാണ്. അക്കങ്ങൾ മായാതെ കിടക്കുന്നു.......

അമ്മുമോളുടെ അതേ പ്രായം തോന്നും ഉയരവും, മുടിയുമെല്ലാം സമം, ആ വെള്ളാരം കണ്ണുകൾ അതേപോലെ! കണ്ണുകളങ്ങനെയാണ് എപ്പോഴും നമ്മളോട് കഥ പറഞ്ഞുകൊണ്ടിരിക്കും. തുളുമ്പുവാനുള്ള

വെളുപ്പും തുളയ്ക്കുവാനുള്ള കറുപ്പും ഒരേ പാത്രത്തിലങ്ങനെ.. വാക്കുകൾ കൊണ്ട് പലരേയും വളച്ചൊടിക്കുമ്പോൾ അതിനുമുകളിൽ ആയിരം കഥ പറയുന്നവയാണ് കണ്ണുകൾ. അച്ഛനെപ്പോഴും പറയുമായിരുന്നു. സംസാരിക്കുമ്പോൾ കണ്ണുകളിൽ നിന്ന് യാഥാർത്ഥ്യത്തെ തിരിച്ചറിയാനാവുമെന്ന്, ഞാനവളുടെ കണ്ണുകളിലേക്ക് നോക്കിയതേയില്ല! എന്തായാലും ആകെക്കൂടി ചന്തം എന്റെ അമ്മുമോൾക്ക് തന്നെ...

എല്ലാവരും അഭിപ്രായങ്ങൾ പറഞ്ഞു തുടങ്ങി

ഇതിനെയൊക്കെ ആരോ തെണ്ടാൻ വിടുന്നതാ....

എത്രമാത്രം തെണ്ടി പിള്ളേരാ നമ്മുടെ നാട്ടിൽ നിത്യവും എത്തുന്നത്.

- ഒരു പണിയും എടുത്ത് ജീവിക്കാൻ കഴിയില്ല അതു തന്നെ കാര്യം, പണം കൊടുത്ത് വഷളാക്കുന്നത് നമ്മളു തന്നെയാ......

- കഴിഞ്ഞ ദിവസം നീ വായിച്ചോ ഒരു അണ്ണാച്ചിയെ പരിശോധിച്ചപ്പോൾ ലക്ഷങ്ങളുണ്ട് അയാളുടെ പക്കൽ. ഇവരോടൊക്കെ നമ്മള് കടം ചോദിക്കേണ്ട ഗതികേടാ......

തുടർന്നങ്ങോട്ട് തെരുവിനെക്കുറിച്ച് തെണ്ടികളെക്കുറിച്ച്, അണ്ണാച്ചികളെക്കുറിച്ച്, അന്തരീക്ഷത്തിന് പോലും വേണ്ടാത്ത അന്തി ചർച്ചകൾ പോലെ ഉരുഉരെ പറഞ്ഞു കൊണ്ടേയിരുന്നു... എനിക്കും എന്തൊക്കെയോ പറയുവാനുണ്ടായിരുന്നു.......

പക്ഷേ.......

എല്ലാവരും ചർച്ചയൊക്കെ അവസാനിപ്പിച്ചപ്പോഴേക്കും എന്തെങ്കിലും ചില്ലറ കൊടുക്കാമെന്ന ധാരണായായി, ഞങ്ങളുടെ പ്രതിനിധി എന്ന നിലയിൽ സതീശേട്ടൻ പത്തുരൂപ അവൾക്കുനേരെ നീട്ടി.
സീറ്റിനരികിൽ കൂട്ടിവെച്ചിരുന്ന ഭക്ഷണപ്പൊതിയിൽ മാത്രം കണ്ണും നട്ട് നിന്ന അവൾക്ക് , അവിടെ മുളച്ച വാക്കുകൾ അകലെയുള്ള ചുഴലിപോലെയും, നീട്ടിപ്പിടിച്ച പത്തു രൂപ പരിഹാസമായും തോന്നിയിട്ടുണ്ടാവാം, എത്ര മുള്ളുകൾ ഇങ്ങനെ തറച്ചിട്ടുണ്ടാവണം, ഇക്കാര്യത്തിൽ അവളൊരു നിത്യാഭ്യാസിയായി തീർന്നിരിക്കാം......

ഹൊ ! ഞാനായിരുന്നെങ്കിൽ.........

എന്റെ അഭിമാനം!..... ആരുടേയും പരിഹാസത്തിന് ഞാൻ കാത്തുനിൽക്കില്ല. എവിടെയും തല കുനിക്കുകയുമില്ല. പത്തുരൂപ എന്ന വലിയ തുക അവൾ

ആർത്തിയോടെ വാങ്ങുമെന്ന് ഞങ്ങളെല്ലാവരും കരുതി. ആ പണം അവളൊന്ന് നോക്കിയതുപോലുമില്ല. ഭക്ഷണപ്പൊതികളിലൊന്ന് അവകാശത്തോടെ കയ്യിലെടുത്ത് വിശന്നൊട്ടിയ വയറിനു മുകളിൽ ചേർത്തു വെച്ച് ഞങ്ങളോട് കെഞ്ചിക്കൊണ്ടിരുന്നു.

പെട്ടെന്ന്! കൂട്ടത്തിൽ ചെറുപ്പക്കാരനായ കബീർ പഴയ കാക്കയെപ്പോലെ പൊതി ഒറ്റിയെടുത്തു. എല്ലാവരുടേയും മുഖത്ത് ചെറിയ ചിരി പടർന്നു. മറ്റുപൊതികളും സംരക്ഷിച്ച് കബീർ അതിനടുത്ത് തന്നെ ഇരുന്നു. രണ്ടുമൂന്നുപേർ തിടുക്കത്തോടെ അവൾക്ക് പുറത്തേയ്ക്ക് വഴികാട്ടി മുറുമുറുത്തു. ഞങ്ങളുടെ പ്രശംസാപാത്രമായ കബീറിന്റെ കാലു പിടിച്ചു കരയുകയാണവൾ.

ഭക്ഷണപ്പൊതിയ്ക്കു വേണ്ടി, ഓരോരുത്തരുടേയും കാലുകളിൽ കണ്ണീരുവീഴുന്നു. കാല് സീറ്റിനുമുകളിൽ കയറ്റിവച്ച് രക്ഷപ്പെടാം എന്നു കരുതിയ യുക്തിവാദി രാജൻ മാഷെയും അവൾ വെറുതെ വിട്ടില്ല.. എന്റെ കാൽക്കലെത്തിയപ്പോഴേക്കും, എല്ലാറ്റിനെയും പിറകിലാക്കിക്കൊണ്ട് ഭക്ഷണ വിതരണക്കാരന്റെ വാക്കുകൾ മനസ്സിൽ നിറഞ്ഞു......

ഓർഡർ പ്രകാരം മാത്രമേ ഭക്ഷണം ഉള്ളൂ അധികം തരാനില്ല. ഇപ്പോൾ പിന്നിട്ടത് പുട്ഗാവ സ്റ്റേഷനാണ്.

ഇനി രാത്രി ഒൻപതു മണിക്കേ ഭക്ഷണം കിട്ടൂ.... കോഴിക്കോടേക്ക് ആണെന്ന് ഞങ്ങൾ പറഞ്ഞപ്പോൾ, നിങ്ങൾക്ക് സ്റ്റേഷനിലിറങ്ങി കഴിക്കുന്നതാണ് നല്ലതെന്നും അയാൾ സൂചിപ്പിച്ചു.

അയ്യോ...! അത്രയും നേരമോ.... എന്റെ പൊതി കൂടി ഭദ്രമാക്കി വയ്ക്കാൻ ഞാനും ആഗ്യം കാണിച്ചു. ആഗ്യത്തിനോടുള്ള പ്രതികരണം പോലെ, ഒരു പ്രതിഷേധം പോലെ എന്റെ കാലിൽ നിന്നും അവൾ പെട്ടെന്ന് കൈ വലിച്ചു. എല്ലാവരും കൂടി പത്തുരൂപകൂടെ ചേർത്ത് ഭക്ഷണത്തിന് പണം കൊടുക്കാൻ തയ്യാറായി, അവൾ എല്ലാവരേയും ഒന്നുകൂടി നോക്കി ദയനീയമായി നിന്നു.. ഇരുപത് രൂപ സഹതാപത്തിന്റെ കനം പേറിക്കൊണ്ട് വന്നു. ' വിശപ്പുമാറ്റാൻ പറ്റാത്ത കടലാസ്സു കഷ്ണങ്ങൾ വിലവയ്ക്കാതെ, അല്പം വേഗത്തിൽ തന്നെ നീങ്ങുന്ന വണ്ടിയിൽ നിന്നും അവൾ ചാടിയിറങ്ങി......

പണം വാങ്ങാത്തതിനെപ്പറ്റി കബീർ വേദനയോടെ പറഞ്ഞപ്പോൾ, എല്ലാവരും പ്രതിമകളായി, അവളുടെ വിശപ്പിന്റെ ആഴം അത്ര അഗാധമായിരുന്നിരിക്കണം... അതോ.....?

ആകെ ഒരു "മൂടൽ മഞ്ഞ്"

ഒരു സ്ത്രീ ഉറ്റാനിരിക്കുന്ന കാഴ്ച ജനലിലൂടെ ആരോ

ച്ചൂണ്ടിക്കാണിച്ചപ്പോഴാണ് അവിടം ഒന്ന് ചൂടുപിടിച്ചത്, അതിനിടയിൽ ജനലിനോട് ചേർന്നിരിക്കുന്ന കൂട്ടുകാരൻ അവന്റെ പുത്തൻ മൊബൈലിൽ ആ കാഴ്ച പകർത്തി , എല്ലാവരേയും കാണിക്കുന്ന തിരക്കിലായി.... സാരിത്തലപ്പ് കൊണ്ട് അല്പം മറഞ്ഞതിനാൽ വ്യക്തമാവാതെ പോയ അവളുടെ ജനനേന്ദ്രിയത്തെക്കുറിച്ചും, ചലിച്ചുകൊണ്ടിരിക്കുമ്പോഴും വേഗത്തിൽ, കൃത്യമായി ഫോക്കസ് ചെയ്ത് പകർത്താനുള്ള ഫോണിന്റെ കഴിവിനെക്കുറിച്ചും നൂതന സംവിധാനങ്ങളെക്കുറിച്ചുമെല്ലാമു
എല്ലാവരും അവരവരുടെ സ്ഥാനങ്ങളിലേയ്ക്ക് മടങ്ങിപ്പോന്നു, എന്റെ സീറ്റിനടിയിൽ തള്ളിവെച്ച പൊതിയിൽ നോട്ടം ഉടക്കിയപ്പോൾ ഞാനാകെ തകർന്നുപോയി... ആകെക്കൂടി വിയർത്തപ്പോൾ അന്വേഷണച്ചോദ്യങ്ങളുടെ എണ്ണം പെരുകി, തലകറക്കം എന്നൊരു കള്ളം പറഞ്ഞ് ചീട്ടുകളിയിൽ നിന്നൊഴിഞ്ഞുമാറി ഞാനവിടെക്കിടന്നു.

ഭക്ഷണം സംരക്ഷിച്ചുവെച്ച കൂട്ടുകാരന്, അത് കൊടുക്കാമായിരുന്നെന്നും, നമുക്ക് പങ്ക് വച്ച് കഴിക്കാമായിരുന്നെന്നും, മറ്റുമുള്ള അഭിപ്രായങ്ങൾ ഉയർന്നു. അത് എന്നെ വീണ്ടും തളർത്തുന്നതായി വല്ലാതെ മുറിവേൽപ്പിക്കുന്നതായി... നെഞ്ചുവേദനയും തൊണ്ടവേദനയും കൂടിക്കൂടി വന്നു. എങ്ങനെയുണ്ടെന്ന് കൂട്ടത്തിലാരോ ചോദിച്ചു. മറുപടി

പറയണമെന്നുണ്ടായിരുന്നു. പക്ഷേ.....കുറച്ചുനേരം മിണ്ടാതിരുന്നതുകൊണ്ടാവാം... ഞാനുറങ്ങിക്കാണും എന്നു പറഞ്ഞത് ഉണ്ണിയാണ് കൂട്ടത്തിലൊന്നുരണ്ടുകൂടി പറഞ്ഞു. എന്തായാലും എനിക്കത് വലിയ രക്ഷയായി....

അല്പം കഴിഞ്ഞപ്പോൾ എല്ലാവരും വന്നു വിളിക്കുന്നു. ഞാനും എഴുന്നേറ്റ് ഭക്ഷണം കഴിക്കാൻ ഇരുന്നു. നെഞ്ചിൽ എന്തോ കുരുങ്ങിയതു കാരണം താഴോട്ടിറങ്ങാത്തതുപോലെ, വല്ലാത്തൊരു കനം, എല്ലാവരും സന്തോഷത്തോടെ കഴിക്കുമ്പോൾ എനിക്ക് എന്തെന്നില്ലാത്ത ദേഷ്യം വന്നു. പലരും എഴുന്നേറ്റ് തുടങ്ങി, ഉള്ളിൽ വല്ലാതെ ഉലഞ്ഞിട്ടും മുഖത്ത് ചിരി വരുത്തി ഞാനും എഴുന്നേറ്റു.

എന്റെ കണ്ണടയ്ക്ക് പരിഹാസത്തിന്റെ പല്ലിളിക്കുന്ന നിറമായിരുന്നു. കൂട്ടത്തിനിടയിൽ ഒന്നിനെ വേറിട്ടു കിട്ടുമ്പോൾ നമ്മൾക്കും ഇതേ നിറമാണോ?....

പൈപ്പിനുമുന്നിൽ മുഖം കുനിച്ചതും ചർദ്ദിലും തുടങ്ങി, ചർദ്ദിലിൽ മുഴുവൻ ഞാൻ അത് തിരഞ്ഞു....ഇല്ല!. കൂട്ടുകാരൻ എന്റെ പേര് ആവർത്തിക്കുന്നത് കേട്ട് സീറ്റിനടുത്തേക്ക് ഓടി...

നിനക്ക് ഫോൺ, പെണ്ണുമ്പിള്ളയാണെന്നു തോന്നുന്നു. അവളുടെ ശബ്ദം കേട്ടപ്പോൾ എന്തോ ഒരാശ്വാസം, താജ്മഹലിനെക്കുറിച്ചും, പാർലമെന്റിനെക്കുറിച്ചുമൊക്കെ അവൾ ചോദിച്ചു തുടങ്ങി, ആദ്യമായി കേൾക്കുന്ന രണ്ടുപേരുകൾ പോലെ.... ഓർത്തെടുക്കാൻ

നോക്കുമ്പോൾ, വണ്ടിയിൽ നിന്ന് ചാടിയിറങ്ങിയ പെൺകുട്ടിയും, സീറ്റിനടിയിലെ പൊതിയും മാത്രം...... എന്താ ഒന്നും മിണ്ടാത്തത് എന്ന അവളുടെ ചോദ്യത്തിന് അമ്മുമോളെ തിരക്കിക്കൊണ്ടുള്ള പാളം തെറ്റിയ എന്റെ ചോദ്യം കേട്ട് അവളും പരിഭ്രമിച്ചിരിക്കണം, ഇന്ന് രാവിലെ നിങ്ങളെ വിളിച്ച് ഉമ്മ തന്നിട്ടല്ലേ അവൾ സ്കൂളിലേക്ക് പോയത് എന്നിട്ടെന്താ പറ്റിയത് വല്ല സ്വപ്നവും കണ്ടോ? ഏയ് ഇല്ല, എല്ലാത്തിനെക്കുറിച്ചും അവിടെ വന്ന് വിശദീകരിക്കാം എന്ന് അവളെ സമാധാനിപ്പിച്ചു. നീ ഭക്ഷണം കഴിച്ചോ? അമ്മുമോൾക്ക് ഭക്ഷണം കൊടുത്തുവിട്ടോ? ചോദ്യങ്ങൾ അവളെ ഒന്നു തണുപ്പിച്ചിരിക്കണം, സന്തോഷത്തോടെ 'ആ' എന്നു മൂളി...

ആ ഉത്തരം എനിക്കിഷ്ടപ്പെട്ടതേയില്ല. ഒരമ്പേറ്റതുപോലെ, ഫോൺ കട്ട് ചെയ്തു കനം, കൂടിക്കൂടി വരുന്നു...

പലരും ഉച്ചമയക്കത്തിലാണ് കൂടെ ഇരുന്നവരെല്ലാം ഉറങ്ങിയിട്ടുണ്ടാവും എന്ന ചിന്തയിൽ, സീറ്റിനടിയിൽ നിന്നും ശബ്ദമുണ്ടാക്കാതെ, പൊതി എടുത്ത് ഞാൻ വാതിൽക്കലേക്ക് നടക്കുമ്പോൾ എല്ലാം അവസാനിക്കാൻ പോകുന്നതിന്റെയാശ്വാസം ഞാൻ സ്വപ്നം കാണുന്നുണ്ടായിരുന്നു. വെളിച്ചം കണ്ടു തുടങ്ങിയ കണ്ണുകൾ വാതിൽക്കലേക്ക് പാഞ്ഞു.ഒരു കിതപ്പോടുകൂടി ആ വെളിച്ചം പൊലിഞ്ഞത് വാതിൽക്കൽ കാറ്റുകൊള്ളാൻ നിൽക്കുന്ന പരിചയമുള്ള രണ്ടു

നിഴലുകളിലായിരുന്നു. അവരുടെ ചോദ്യങ്ങളിൽ ചെന്നു മുട്ടാനുള്ള പേടികൊണ്ട് ധൃതിയിൽ തിരികെ വന്ന് പൊതി സീറ്റിനടിയിൽ യാതൊന്നും സംഭവിക്കാത്ത മട്ടിൽ അടക്കിയിരുത്തി... ഡൽഹിയിലേയും, ആഗ്രയിലേയും മനോഹരമായ കാഴ്ചകൾ, വാങ്ങിക്കൂട്ടിയ വസ്തുക്കൾ, ഇങ്ങനെ നിറമുള്ളതെന്തൊക്കെയുണ്ടായിട്ടും
ഹൊ! ആലോചിക്കാൻ വയ്യ......പല ചോദ്യങ്ങളുണ്ടായെങ്കിലും അപ്പോൾ ഞാനൊന്നും പറയാത്തത് ഭാഗ്യമായി......

ഒരു ഷോക്കേറ്റതുപോലെ ഞാനുണരുന്നത് ചായയും, കാപ്പിയും തമ്മിലിടിയ്ക്കുന്നത് കേട്ടാണ്... കൂടെയുള്ളവർ വട്ടത്തിലിരുന്ന് ചീട്ടുകളിയ്ക്കുന്നു..... ഏതായാലും എല്ലാം ഒന്നുരുകാൻ ഒരു ചായ കുടിയ്ക്കാമെന്നു വച്ചു. ഇല്ല...! ചൂടു തീരേ പോരാ....

ഒൻപത് മണിയോടെ കോഴിക്കോടെത്തും, ഏകദേശം 8.30 മുതൽ എല്ലാവരും ഒരുക്കം തുടങ്ങി ആകെക്കൂടി വല്ലാതിരിയ്ക്കുമ്പോൾ പെട്ടെന്നാണ് ഒരാശയം തോന്നിയത്. എഴുന്നേറ്റ് ബോഗികളിലെല്ലാം നടന്നു. എവിടെയെങ്കിലും കണ്ടിരുന്നെങ്കിൽ ആ പൊതി ഏൽപ്പിക്കാമായിരുന്നു. പക്ഷേ.....
ഏതായാലും ഇനി ഒരു വഴിയേ ഉള്ളൂ, സ്റ്റേഷനെത്തട്ടെ. ഞാനും തയ്യാറായി...
."അമ്മയിൽ നിന്നും കിട്ടാറുള്ള സ്നേഹത്തിന്റെ ഒരു ചൂടുണ്ട്. വല്ലാതെ വീർപ്പുമുട്ടുമ്പോൾ എവിടെയും കനം

ുങ്ങുന്ന മഞ്ഞ് പടരുമ്പോൾ ആ മടിയിൽ തലചായ്ച്ച്, മുടിയിഴകളിലൂടെ തലോടുമ്പോൾ കിട്ടുന്ന സ്നേഹത്തിന്റെ വല്ലാത്തൊരു ചൂട്.. കോഴിക്കോട് സ്റ്റേഷനിൽ നിന്ന് പ്രവഹിക്കുന്ന ശബ്ദ തരംഗങ്ങൾ എന്നിലേക്ക് പകർന്നതും അത് തന്നെയാണ്.." "അകലെയാവുമ്പോൾ പൊള്ളിയ്ക്കുന്നതും, അടുത്തിരിക്കുമ്പോൾ തണുപ്പിക്കുന്നതുമായ ചൂട്..."

സ്റ്റേഷനിൽ എല്ലാവരും ഇറങ്ങാൻ തുടങ്ങി, ഞാൻ ധൃതിവയ്ക്കാതെ ഏറ്റവും പിറകിൽ നിന്നു. സൂത്രത്തിൽ ആ പൊതി സീറ്റിൽ തന്നെ വച്ച് ബാഗും മറ്റും എടുത്ത് ഇറങ്ങാൻ തുനിഞ്ഞതും...

"സാർ.... ഇതെടുക്കാൻ മറന്നു."

അതേ വെള്ളാരം കണ്ണുകൾ..... ഉയരവും, മുടിയും എല്ലാം സമം, സമം, ഒരാവേശത്തോടെ ഞാനവളുടെ അടുത്തെത്തി ചേർത്തു നിർത്തി കവിളിൽ തലോടി...ഒരു വല്ലാത്ത ആശ്വാസം.....

പട്ടാളക്കാരനായ,കൂട്ടുകാരൻ രാവിലെ 'ഉല്ലാനിക്' സ്റ്റേഷനിൽ കാണാൻ വന്നപ്പോൾ സമ്മാനിച്ച ഭക്ഷണപ്പൊതി. നിനക്കുവേണ്ടി ചുമക്കുകയായിരുന്നു ഞാൻ... ഇതു നിനക്കു നൽകാൻ കഴിയാത്ത ശപിക്കപ്പെട്ട നിമഷത്തെയും, എന്നിലുറഞ്ഞുകൂടിയ വേദനയും എല്ലാം.... ഇനിയുള്ള നട്ടുച്ചനേരങ്ങളിൽ എന്റെ സ്വപ്നങ്ങളിൽ ഒരു മണി വറ്റിനുവേണ്ടി കരയുന്ന നീയില്ലാതിരിക്കണം.... പൊതി അവൾക്കു നൽകി സാവധാനം വണ്ടിയിറങ്ങി....

മറയിട്ട ജനലിനപ്പുറത്ത് ആ ഭക്ഷണപ്പൊതി അവൾ ആർത്തിയോടെ തിന്നുന്നുണ്ടായിരുന്നു.... എന്റെ സ്വപ്നങ്ങളിൽ നോട്ടവും ചിരിയും മാത്രം ബാക്കിയാക്കിക്കൊണ്ട്...

വീണ്ടും യാത്ര.... കാലിനടിയിൽ തണുപ്പ് അരിച്ചുകയറുന്നു, നോക്കുമ്പോൾ ചുറ്റും വെള്ളം.....

ശ്രീലാൽ മഞ്ഞപ്പാലം

.

# ഭയം

*(കവിത)*

വിഹ്വലതയുടെ വേരുകൾ
പടം പൊഴിക്കുന്ന
നാഗങ്ങൾ പോൽ
മനസ്സിന്റെ നിഗൂഢ
കാന്താരങ്ങളിൽ
പിടയുന്നു....



മൃതിയിൽ മാത്രം
അലിഞ്ഞു പോകുന്ന
പ്രാചീന ഭയം
നട്ടെല്ലിന്റെയറ്റത്ത്
ഇണചേരാൻ പതുങ്ങിയിരിക്കുന്നു
ഇരുൾ ശൽക്കങ്ങൾ
പൊഴിച്ചിട്ട്
തിളക്കമാർന്ന നിലാവിന്റെ

പുതുവസ്ത്രം ധരിച്ച്
വെള്ളെഴുത്തിനുള്ള
കണ്ണട വെച്ച മൂങ്ങ ഭൂമിയെ
നോക്കാൻ ഒരുങ്ങുമ്പോൾ
കാറ്റൊന്നു തൊട്ട
പാരിജാതം
കുലുങ്ങിച്ചിരിച്ച്
കുറേ നക്ഷത്രക്കുഞ്ഞു -
ങ്ങളെ മണ്ണിന്റെ
മടിയിലേക്ക കളിക്കാ -
നയക്കുന്നു
വെളുവെളുത്ത
പാരിജാതക്കുട്ടികളുടെ
ഒളിച്ചു കളിയിൽ
പങ്കെടുക്കാൻ വേണ്ടി
ഭയം പറയുന്നതു
കേൾക്കാതെ സന്തോഷക്കുഞ്ഞു -
ങ്ങൾ വീടിനു പുറത്തേയ്ക്കോടുന്നു ........

കവിത മധു H.S.A Malayalam

# ഒരു പാലക്കാടൻ യാത്ര




ഒന്നാം ക്ലാസ്  മുതൽ നാലാം ക്ലാസ് വരെ ഞാൻ പഠിച്ചു വളർന്നത് ചാത്തല്ലൂർ സി.വി.എൻ.എം.എൽ.പി സ്കൂളിലാണ്. പിന്നീട് അഞ്ചാം ക്ലാസിലേക്ക് പുതിയ അഡ്മിഷൻ വാങ്ങി ഒതായി ജി.എച്ച്.എസ് പെരകമണ്ണ സ്കൂളിൽ ചേർന്നു.അവിടെ എനിക്കൊത്തിരി കൂട്ടുകാരെ കിട്ടി. ഒരു ദിവസം പരിസ്ഥിതി ക്ലബ്ബിൽ നിന്ന് ക്യാമ്പുണ്ടെന്ന് പറയുന്നതു കേട്ടു. ഞാനും ആ ക്യാമ്പിൽ

പങ്കെടുത്തു. ക്യാമ്പ് പാലക്കാട്ടേക്കായിരുന്നു. രണ്ടു മൂന്നു ദിവസങ്ങൾക്കു ശേഷം ക്യാമ്പിനു പോവേണ്ട ദിവസമായി. അന്നു രാവിലെ പ്രഭാത കർമ്മങ്ങൾ ചെയ്ത് ഒതായിലേക്കു പോയി. അവിടെ ഞങ്ങൾക്ക് പോവേണ്ട ബസ്സുണ്ടായിരുന്നു. ബസ്സിൽ കയറി യാത്ര ആരംഭിച്ചു. കുറച്ചു സമയത്തിനകം പാലക്കാടെത്തി. അവിടെ രണ്ടു മുറികളുള്ള ഒരു പാർപ്പിടമുണ്ടായിരുന്നു. ഒരു മുറി ആൺ കുട്ടികൾക്കും, മറ്റൊരു മുറി പെൺകുട്ടികൾക്കുമായിരുന്നു. ഞങ്ങളുടെ ബാഗ് ഞങ്ങളവിടെ വെച്ചു. ഭക്ഷണം കഴിച്ചു. പിന്നീട് അവിടെ ചുറ്റിക്കറങ്ങി റൂമിലേക്ക് വന്നപ്പോഴേക്കും രാത്രിയായിരുന്നു.ഞങ്ങൾ നിൽക്കുന്ന റൂമിന്റെ പിന്നിൽ കാടാണ്. അന്ന് രാത്രി കഞ്ഞിയും പയറുമായിരുന്നു. അടുത്ത ദിവസം ചായകുടിച്ച് കാട് കാണാൻ പുറപ്പെട്ടു. ഡിസംബർ മാസമായതിനാൽ നല്ല തണുപ്പായിരുന്നു. കാട്ടിൽ മയിലുകൾ ഉണ്ടായിരുന്നതിനാൽ ഞങ്ങൾക്കു ധാരാളം മയിൽപീലി കിട്ടി. കുറച്ച് സമയത്തിനകം ഞങ്ങൾ നിൽക്കുന്ന സ്ഥലത്തെത്തി. അവിടെ നിന്ന് ദോശയും ചമ്മന്തിയും കഴിച്ചു. അത് കഴിച്ചതിനു ശേഷം കുഞ്ചൻ നമ്പ്യാരുടെ സ്മാരകത്തിലും കൈത്തറിശാല, ഭാരതപ്പുഴ എന്നിവിടങ്ങളിലും ഞങ്ങൾ പോയിക്കണ്ടു. തിരിച്ചെത്തിയപ്പോൾ സന്ധ്യയായി. അവിടെ വെച്ച് ഞങ്ങൾക്കൊരു ക്ലാസ്സുണ്ടായിരുന്നു. അടുത്ത ദിവസം ചായകുടിച്ച് രാവിലെ ഞങ്ങൾ വീട്ടിലേക്ക് തിരിച്ചു. കുറച്ചു

കഴിഞ്ഞ് ഒരു സ്ഥലത്ത് ബസ്സ് നിർത്തി. എല്ലാവരും ഷോപ്പിങ്ങിന് പോയി. എന്റെ കയ്യിൽ പണമില്ലാത്തതിനാൽ ഞാൻ പോയില്ല. എനിക്ക് സങ്കടമായി. ആരും കാണാതെ ഞാൻ കരഞ്ഞു.എല്ലാവരുടേയും ഷോപ്പിങ്ങിനു ശേഷം ബസ്സ് വീട്ടിലേക്കു തിരിച്ചു.വീട്ടിലെത്തിയപ്പോൾ എല്ലാവരും എന്നെ കാത്തിരിക്കുന്നുണ്ടായിരുന്നു. എന്നാൽ എല്ലാവർക്കും വേണ്ടി എന്റെ കയ്യിൽ ഉണ്ടായിരുന്നത് മയിൽ പീലി മാത്രമായിരുന്നു. ഞാൻ അവിടെ കണ്ട കാര്യങ്ങൾ എല്ലാവരോടും പറഞ്ഞു. എന്റെ അനിയത്തിമാർ എന്തെങ്കിലും കൊണ്ടുവരുമെന്ന പ്രതീക്ഷയിലായിരുന്നു. അടുത്ത ദിവസം സ്കൂളിൽ കൂട്ടുകാരോട് കണ്ട കാര്യങ്ങൾ പറഞ്ഞു. അവർക്ക് സന്തോഷമായി

ഫിദ 8D

# പ്രളയം

*(കവിത )*



കേരളമേ ഞാൻ നിന്നെ വണങ്ങുന്നുനിത്യവും
നിൻചെറുത്തു നിൽപ്പിൻ മുഖങ്ങളാലെ
നിൻ തണൽ കീഴിൽ മയങ്ങുന്നു മർത്യരും
പ്രയാസമെന്തന്നറിഞ്ഞിടാതെ....
ഹൃദയം പിളർന്നു പോയൊരാ പ്രളയത്തെ
മർത്യനതിജീവിച്ചു നിൻ കരങ്ങളാലെ...

ഐക്യമെന്തന്നറിയാത്ത മർത്യൻ
ഐക്യത്തിനർഥമറിഞ്ഞിടുന്നു
അടർന്ന് വീണിട്ടും സ്വപ്നങ്ങൾ കണ്ട് പലരും
മോഹല്യാസപെട്ട് വീണിരുന്നു......

ഹൃദയം നുറുങ്ങുന്ന കാഴ്ചകൾ  കണ്ടവർക്കറിയാതെ
മിഴികൾ നനഞ്ഞീടുന്നു......

കിടപ്പാടമില്ലാതെയലയുന്നു പലരും
മിഴിനീരു വറ്റിയ കൺ തടങ്ങളാലെ
മറക്കില്ലൊരിക്കലും മനസ്സിന്റെ കോണിൽ
ദുരന്തം തീർത്തൊരാ നാൾ വഴികൾ
മരണം മറന്ന മർത്ത്യന്റെ മിഴികളിൽ
മരണത്തെയെന്നും സ്മരിച്ചിടുന്നു...

നിദ .സി.ടി  8E

# വേർപാട്

(കഥ)

രാമുവിന് എല്ലാമെല്ലാമാണ് അവന്റെ അമ്മ . അവന് രണ്ട് വയസ്സുള്ളപ്പോൾ അച്ഛൻ മരിച്ചു. പിന്നെ കടത്തിണ്ണയിലോ ബസ്സ്റ്റോപ്പിലോ ആണ് രാത്രി മയക്കം. അമ്മ ചില്ലറ പണിയെടുത്തിട്ട് വേണം രണ്ട് വയറുകൾ നിറക്കാൻ. പണിയില്ലാത്ത ദിവസം പട്ടിണിയും. അന്നവർ കിടന്നത് കടത്തിണ്ണയിലാണ്. പിറ്റേന്ന് അവൻ ഉണർന്നത് അമ്മയുടെ വിളി കേട്ടല്ല , മറിച്ച് കടക്കാരന്റെ ശകാരം കേട്ടാണ്. പിന്നെ ഒരു ഭീകരാന്തരീക്ഷമായിരുന്നു. അമ്മയെ കാണുന്നില്ല. ചുറ്റും കണ്ടവരോടൊക്കെ അവൻ ചോദിച്ചു. ന്റെ അമ്മയെ ആരെങ്കിലും കണ്ടോ ? ആരും അവന്റെ വാക്ക്ശ്രദ്ധിച്ചതേയില്ല. കുറച്ചപ്പുറത്ത് ഒരാൾക്കൂട്ടം കണ്ട് അവൻ അവിടേക്ക് ഓടി. കൂടി നിന്നവരെ മാറ്റി കൊണ്ട് അവൻ മുന്നോട്ട് കുതിച്ചു. അവിടെ കണ്ട കാഴ്ച ഞെട്ടിക്കുന്നതായിരുന്നു. ദേഹമാസകലം വെട്ടേറ്റ് മരിച്ചു കിടക്കുന്ന അമ്മ. അമ്മയുടെ അടുത്ത് ചെന്ന് രാമു നിലവിളിച്ചു. ആരാണ് എന്റെ അമ്മയെ കൊന്നത്? ആരോടും ഒരു തെറ്റും ചെയ്യാത്ത ഈ പാവം അമ്മയെ എന്തിനാണ് കൊന്നത്? ഒരിക്കലും വിട്ടുമാറാത്തവേർപാടുമായി രാമു നാളുകൾ തള്ളിനീക്കുകയാണ് മെലിഞ്ഞുണങ്ങിയ ശരീരവുമായി.

*ആർദ്ര. 9 ഡി*

# വെള്ളില വള്ളി

*(ചെറുകഥ)*

ഒരു പൂന്തോട്ടത്തിൽ മനോഹരമായ ഒരു വെള്ളിലവള്ളിയുണ്ടായിരുന്നു. ചില്ലകൾ മുഴുവനും പച്ചിലകൾ . ചെറിയ ഭംഗിയുള്ള പൂവ് .പൂവിനോട് ചേർന്ന് നിൽക്കുന്ന വെള്ള നിറമുള്ള ഇല .ഭംഗിയുള്ള വെള്ളിലവള്ളിയെ കണ്ട് പൂന്തോട്ടത്തിലെ മറ്റു പൂച്ചെടികൾക്ക് ഉള്ളിൽ അസൂയ ഉണ്ടായി .

സുന്ദരിയായ ഒരു ചെറുപൂമ്പാറ്റ വെള്ളിലവള്ളിയുടെ ഭംഗിയാസ്വദിച്ച്

വെള്ളിലവള്ളിയുടെ അടുത്ത് ചെന്നു . സുന്ദരിയായ പൂമ്പാറ്റ വെള്ളില വള്ളിയുടെ അടുത്തേക്ക് മാത്രം പോവുമ്പോൾ മറ്റു പൂച്ചെടികൾക്ക് വീണ്ടും അസൂയ ഉണ്ടായി .പൂമ്പാറ്റക്ക് ഏത്ര ആസ്വദിച്ചിട്ടും മതിയായില്ല. .

പൂമ്പാറ്റ വെള്ളിലവള്ളിയുടെ ഇലകളിൽ മുത്തു പോലെ നിറയെ മുട്ടകളിട്ടു.

പൂമ്പാറ്റ വെള്ളിലവള്ളിയോട് യാത്ര പറഞ്ഞു പറന്നു പോയി.കുറച്ചു ദിവസങ്ങൾക്ക് ശേഷം മുട്ടകൾ വിരിഞ്ഞു .വെള്ളില വള്ളിയുടെ ഇല മുട്ടയിൽ നിന്ന് വിരിഞ്ഞ പുഴുക്കൾ തിന്ന് തീർത്തു. ഇലയും പൂവുമില്ലാത്ത വെള്ളില വള്ളിയെ കളിയാക്കി വെള്ളില വള്ളിക്ക് സങ്കടമായി . പുഴുക്കൾ വലുതായ ശേഷം പ്യൂപ്പയും അത് വിരിഞ്ഞ് പൂമ്പാറ്റയുമായി . ഭംഗിയുള്ള പൂമ്പാറ്റകൾ നിറഞ്ഞ് നിൽക്കുന്ന വെള്ളില വള്ളി ആദ്യത്തെപോലെ ഭംഗിയുള്ളതായി . ഇത് കണ്ട മറ്റു പൂച്ചെടികൾക്ക് അത്ഭുതമായി. വെള്ളിലവള്ളിക്ക് സന്തോഷമായി.

*ശ്രേയമോഹൻ 8A*

# കൗമാരം

*( കവിത)*

കാലം പോയി

കോലം മാഞ്ഞു

ഭാഷ മാറി വേഷവും

ബാല്യത്തിന്റെ ശിഖരങ്ങൾ

കൗമാര കാറ്റിൽ ഒടിഞ്ഞു തീരാറായി

മുതിർന്നവെന്ന അംഗീകാരമില്ല

കുട്ടികളെന്ന പരിഗണനയും

എങ്കിലും ചിതലരിച്ച ഓർമകൾ

അവിടവിടെ നിറംപിടിച്ച് കിടപ്പുണ്ട്

*ജിനാൻ താഹിറ 9B*

# സെപ്റ്റംബർ 21

## ലോകസമാധാന ദിനം

സെപ്റ്റംബർ 21 ലോകസമാധാന ദിനമായി ആചരിക്കുന്നു. എല്ലാ രാജ്യങ്ങൾക്കും ജനങ്ങൾക്കുമിടയിൽ സമാധാനത്തിന്റെ ആശയങ്ങൾ ശക്തിപ്പെടുത്തുകയാണ് ഈ ദിനാചാരണത്തിന്റെ ലക്ഷ്യം.

സമാധാനം ആഗ്രഹിക്കാത്തവരായി ആരും തന്നെയില്ലല്ലോ, പക്ഷേ, നമുക്കറിയാം ലോകത്തിന്റെ പല കോണിലും ഇപ്പോഴും ആരൊക്കെയോ വെടിയേറ്റ് വീഴുന്നു. മുറിവേൽക്കപ്പെടുന്നു..... അങ്ങനെ തീരാവേദനയുമായി മനുഷ്യർ നെട്ടോട്ടമോടുകയാണ്.



നമ്മുടെ രാജ്യത്തിന്റെ തെരുവുകൾപോലും പഴയ അവസ്ഥയിൽ നിന്ന് മാറിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടു തന്നെ, സമാധാന ദിനാചാരണത്തിന് മറ്റെല്ലാ ദിനാചരണങ്ങളേക്കാളും പ്രസക്തിയുണ്ടെന്ന് നാം തിരിച്ചറിയണം.

മാനവരാശി അറിവുകൊണ്ട് ലോകം കീഴടക്കി. അതിനനുസരിച്ച് സുഖസൗകര്യങ്ങൾ വർധിക്കുന്നു. ഇതിനിടയിലും പലകാരണങ്ങളാൽ ലോകത്ത് രക്തചൊരിച്ചിലുണ്ടാകുന്നുവെന്നത് ഏറേ വേദനാജനകമാണ്.

ലോകത്തെ സാമ്പത്തിക ശക്തിയുള്ള രാജ്യങ്ങളുടെ ഏറ്റവും വലിയ ഉൽപ്പന്നം ആയുധമാണല്ലോ? ഒരു ഭാഗത്ത് സമാധാനത്തിനായി വാദിക്കുന്ന വൻകിട രാജ്യങ്ങൾ മറുഭാഗത്ത് ആയുധകച്ചവടക്കാരായി നിലകൊള്ളുകയാണ്. അതുകൊണ്ടുതന്നെ ജനങ്ങളേ തമ്മിലടിപ്പിക്കുന്നതിനു പിന്നിൽ വമ്പൻ ശക്തിളാണന്ന് കാണാം.

ലോകസമാധാന ദിനമാചരിക്കുമ്പോൾ നമ്മുടെ രാഷ്ട്രപിതാവ് ഗാന്ധിജിയേയാണ് ആദ്യം ഓർമ വരുക. അഹിംസയെ ആയുധമാക്കിമാറ്റി ലോകത്തിന് പുതിയ വെളിച്ചം നൽകിയ മഹാത്മാവാണ് അദ്ദേഹം.

ഐക്യരാഷ്ട്രസഭയുടെ പൊതുസഭ 1981 ലാണ് സമാധാന ദിനം ആചരിക്കുന്ന കാര്യം പ്രഖ്യാപിച്ചത്. ആഗോളാടിസ്ഥാനത്തിൽ വെടിനിർത്തലിന്റേയും ആക്രമണനിയന്ത്രണത്തിന്റേയും ദിനമായാണതിനെ കണക്കാക്കുന്നത്. സംഘർഷങ്ങൾക്ക് സമാധാനപരമായ പരിഹാരം കാണാനും ശത്രുതക്ക് അറുതി വരുത്താനും ഈ ദിനം ഉപയോഗിക്കണമെന്നാണ് ഐക്യരാഷ്ട്രസഭ ആഹ്വാനം ചെയ്തത്.

സമാധാനമാണ് ഐക്യരാഷ്ട്രസഭയുടെ ഏറ്റവും വലിയ മുദ്രാവാക്യമെന്ന് 2008 ൽ സെക്രട്ടറി ജനറൽ ബാൻ കി മൂൺ പറഞ്ഞു. ഇന്ന് ആഭ്യന്തര യുദ്ധം കാരണം വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട പതിനായിരക്കണക്കിന് കുട്ടികളുണ്ട് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ . സ്ത്രീകളും കുട്ടികളും വൃദ്ധരും പലരീതിയിൽ പീഡിപ്പിക്കപ്പെടുകയാണ്.

പരസ്പര ബഹുമാനമില്ലായ്മ, മനുഷ്യാവകാശങ്ങളോടുള്ള അവജ്ഞത എന്നിവയാണ്

ആക്രമണത്തിലേക്ക് നയിക്കുന്ന പ്രധാന കാര്യങ്ങൾ. മനുഷ്യർക്ക് പരസ്പരം ഭീതിയില്ലാതെ ജീവിക്കാൻ കഴിയുന്ന സാഹചര്യം അനിവാര്യമാണെന്ന് രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം എല്ലാവർക്കുമറിയാം. ഈ വേളയിൽ പണക്കൊതി മൂത്ത രാജ്യങ്ങളെ മാനവികതയെക്കുറിച്ച് ബോധ്യപ്പെടുത്തേണ്ടത് അനിവാര്യമാണ്. ഒപ്പം ലോക സമാധാനത്തിനായുള്ള പ്രാർത്ഥനകളും ഉണ്ടാവട്ടേ......

***സന കല്ലിങ്ങൽ 9D***

# വൈകിയറിഞ്ഞ സ്നേഹം

വൃശ്ചിക പുലരിയിൽ മഞ്ഞുപെയ്യുന്ന പുലർ വേളയിൽ അമ്പലത്തിലെ ഉടുക്കനാദം കേട്ടാണ് ഉണ്ണിക്കുട്ടൻ എന്നും എഴുന്നേൽക്കാറ്. എന്നും അമ്പലത്തിൽ തൊഴുത ശേഷമാണ് അവന്റെ ദിനചര്യകൾ തുടങ്ങുന്നത്.

ഒരു ദിവസം തൊഴുത് കഴിഞ്ഞ് മടങ്ങുമ്പോഴാണ് ആൽത്തറയിൽ ഇരിക്കുന്ന ഒരപരിചിതനെ പരിചയപ്പെട്ടത്. കാഴ്ചയിൽ അപരിചിതനാണെങ്കിലും അവർ തമ്മിലുള്ള സംസാരം നല്ല സൗഹൃദത്തിന് തുടക്കം കുറിക്കുന്നതായിരുന്നു. സൗഹൃദം തുളുമ്പുന്ന അവരുടെ സംസാരത്തിനിടയിൽ തന്റെ പേരും കഴിഞ്ഞകാല ജീവിതത്തിലെ ചില നിമിഷങ്ങളും ഉണ്ണിക്കുട്ടന് വേണ്ടി പങ്കുവെച്ചു. രാമനാഥൻ എന്നായിരുന്നു അയാളുടെ പേര്. തന്റെ മുപ്പതാം വയസ്സിൽ തന്നെ അയാൾ അമ്പലങ്ങളെ തേടിയുള്ള യാത്ര ആരംഭിച്ചിരുന്നു. നിർബന്ധമായും ഓരോ ആഴ്ചയും പുതിയ ക്ഷേത്രങ്ങളെ തേടിയായിരുന്നു അയാളുടെ യാത്ര. ഉണ്ണിക്കുട്ടൻ അയാളെ അറിയുന്തോറും അയാളോടുള്ള ഇഷ്ടം കൂടി കൂടി വരുകയായിരുന്നു.

അങ്ങനെ ഒരാഴ്ച അവർക്കു മുന്നിലൂടെ കടന്നു പോയതറിഞ്ഞില്ല. ഒരു ദിവസം കുറച്ചു വൈകിയാണ് ഉണ്ണിക്കുട്ടൻ എഴുന്നേറ്റത്. അവനും അവന്റെ അമ്മയും തനിച്ചുള്ള ഒരു കൊച്ചു കുടുംബത്തിൽ മറ്റൊരു ബന്ധുക്കളുമുണ്ടായിരുന്നില്ല. വൈകിയാണെഴുന്നേറ്റതെങ്കിലും ഉണ്ണിക്കുട്ടൻ പതിവുപോലെ ധൃതിപ്പെട്ട് അമ്പലത്തിൽ പോയി.

*പെട്ടന്ന് തൊഴുതു വന്ന ശേഷം അവൻ ആൽത്തറയിലെത്തി. അവന്റെ കണ്ണുകൾ രാമനാഥനെ തേടി വന്നു. അന്ന് ഏതാനും മിനുറ്റുകൾ കഴിഞ്ഞപ്പോഴാണ് അവനാ കാഴ്ച കണ്ടത്. എന്തെന്നാൽ അമ്പലക്കുളത്തിനരികെ കുറച്ചുപേർ കൂടിനിൽക്കുന്നു. പെട്ടന്നു തന്നെ ഉണ്ണിക്കുട്ടൻ ആളുകളെ മാറ്റി ആൾക്കൂട്ടത്തിനു മുന്നിലെത്തി. അപ്പോഴാണ് ആ കാഴ്ച കണ്ടത്. ഉണ്ണിക്കുട്ടൻ ഞെട്ടിത്തരിച്ചുപോയി കാരണം, കുളക്കടവിൽ ക്ഷീണിച്ച് അവശനായി ബോധമറ്റ് കിടക്കുന്ന രാമനാഥനെയാണ് ഉണ്ണിക്കുട്ടന് കാണാനായത്. പെട്ടെന്നാണ് അവൻ  അയാളുടെ മുഖം കൈവെള്ളയിലാക്കി കുറേ വിളിച്ചു നോക്കി. ഒരനക്കവുമുണ്ടായിരുന്നില്ല. ആൾക്കൂട്ടത്തിൽ നിന്ന്  അയാൾ ഇങ്ങനെ പറഞ്ഞു: ഞാനാണാദ്യം കണ്ടത്. കണ്ടപ്പോഴേക്കും ശ്വാസം നിലച്ചിരുന്നു. അതുകേട്ടപ്പോഴേക്കും ഉള്ളൊന്നു പിടഞ്ഞു. മുഖം വാരിയെടുത്ത് അവൻ വിതുമ്പി കരഞ്ഞപ്പോഴാണ് രാമനാഥന്റെ നെഞ്ചോടു ചേർത്തിരിക്കുന്ന ആ ഫോട്ടോ ഉണ്ണിക്കുട്ടന്റെ കണ്ണിൽ പെട്ടത്. അവൻ ആ ഫോട്ടോ എടുത്ത് നോക്കി. അവൻ ആകെ ഞെട്ടിത്തരിച്ചുപോയി. കാരണം, തന്റെ അമ്മ നെഞ്ചോടു ചേർത്ത് ഓമനിക്കുന്ന ആ ഫോട്ടോ തന്നെ രാമനാഥന്റെ കയ്യിലും. അപ്പോൾ ഇയാൾ ആരാണ് ? അമ്മ ഇതുവരെ പറഞ്ഞു തരാത്ത എന്റെ സ്വന്തം അച്ഛൻ? എന്റെ സ്വന്തം അച്ഛനെ ഇത്രകാലം പരിചയപ്പെട്ടിട്ടും തനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ലല്ലോ, എന്ന സങ്കടത്തിൽ ഉണ്ണിക്കുട്ടൻ വിതുമ്പികരഞ്ഞു.*

*ആളുകൾ ഓരോന്നായി അറിഞ്ഞപ്പോൾ അച്ഛന്റെ മരണാനന്തര ചടങ്ങുകൾ നടത്താനുള്ള*

*തയ്യാറെടുപ്പിലായിരുന്നു. വൈകിയറിഞ്ഞതാണെങ്കിലും അച്ഛന്റെ ശേഷക്രിയകളെങ്കിലും ചെയ്യാൻ തനിക്കായല്ലോ എന്നോർത്ത് ഉണ്ണിക്കുട്ടന്റെ മനസ്സിൽ ആനന്ദം നിറഞ്ഞു.അപ്പോഴേക്കും ആൽത്തറയിലെ ആളുകളെല്ലാം പോയികഴിഞ്ഞിരുന്നു.*

***ഷാനിബ 9D***



# സൂക്ഷിക്കുക ഇന്റർനെറ്റ്



ആധുനിക ജീവിതത്തെ ടെക്നോളജികളുടെ കാലഘട്ടം, എന്ന് വിശേഷിപ്പിക്കാം.ധാരാളം വെബ് സൈറ്റുകളുടെ ലോകത്താണ് നാം ജീവിക്കുന്നത്. കമ്പ്യൂട്ടറിന്റെയും ഫോണിന്റെയും ടാബ്, ലാപ് എന്നിവയുടെയും മുമ്പിലാണ് ചെറുകുട്ടികളും,കൗമാര പ്രായക്കാരും,മുതിർന്നവരും ഉള്ളത്.ഒരു തരത്തിൽ ചിന്തിച്ചാൽ ഇതെല്ലാം നല്ലതാണ്.മറുകണക്കിന് നോക്കിയാൽ ഇതെല്ലാം ദോഷവുമാണ്. നല്ല കാര്യത്തിന് ഉപയോഗിക്കുന്നവരും ചീത്ത കാര്യത്തിന് ഉപയോഗിക്കുന്നവരുമുണ്ട്. നമുക്കിടയിൽ മിക്ക വീട്ടുകളിലും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാണ്.അത് ദുരുപയോഗവും വിനിയോഗവും ചെയ്യുന്നവരുണ്ട്.അധികഅറിവിനും ,ലോകവാർത്തകൾക്കും,പഠിക്കാനുമെല്ലാം നമുക്ക് ഇന്റർനെറ്റിനെ ആവശ്യമാണ്.എന്നാലോ ആധുനിക യുവതികളും,യുവാക്കളും ഇന്റർനെറ്റ് തിന്മക്കാണ് ഉപയോഗം ചെയ്യുന്നത്.അവർ പരസ്പരം ചാറ്റിങും വെബ്സൈറ്റിലൂടെ ചിത്രങ്ങളും വീഡിയോകളും ഷെയർ ചെയ്ത് പ്രചരിപ്പിക്കുകയും ചെയ്യുന്നു. ഇതെല്ലാം നല്ലതാണെങ്കിൽ ശരി, പക്ഷെ ഇവർ അനാവശ്യമായ വീഡിയോകളും, ഫോട്ടോകളും ആണ് ഷെയർ ചെയ്യുന്നത്. ഇങ്ങനെ ചിന്തിച്ചാൽ ഇന്റർനെറ്റ് ദോഷവുമാണ്. നമുക്കിടയിൽ ധാരാളം പേർ ഇന്റർനെറ്റ് ഉപയോഗിക്കുന്നവരാണ്. അവർ തിന്മകളാണോ നന്മകളാണോ ഉപയോഗിക്കുന്നതെന്ന് നമുക്കറിയില്ല. അഥവാ തിന്മക്കാണ് അവർ ഉപയോഗിക്കുന്നതെങ്കിൽ

അവരുമായുള്ള ചങ്ങാത്തത്തിൽ നിന്ന് പിൻമാറണം. അവർ നമ്മെ ചീത്തയിലേക്ക് നയിക്കും. അതുകൊണ്ട് ഇനിയുള്ളവരെങ്കിലും സൂക്ഷിക്കുക, ലോകം കിടക്കുന്നത് നമ്മുടെ വിരൽ തുമ്പിലാണ് എന്നും, എന്തും ചെയ്യാൻ എളുപ്പമാണെന്നും അറിയുക. നമ്മൾ അയക്കുന്ന ഓരോ മെസ്സേജും നല്ലതാണോ ചീത്തയാണോ എന്ന് ആലോചിക്കുക. ഇതെല്ലാം സൈബർ സെൽ അറിയുന്നുണ്ട്. വേണ്ടാത്ത കാര്യങ്ങൾ ആണെങ്കിൽ അതിന്റെ കുറ്റവും ശിക്ഷയും നമ്മൾ തന്നെ അനുഭവിക്കേണ്ടി വരും. നാടിന്റെ നാശം എന്നാവും നമ്മളെ അറിയപ്പെടുക. അതുകൊണ്ട് എല്ലാവരും സൂക്ഷിച്ച് ഇന്റർനെറ്റ് നല്ല കാര്യത്തിനു മാത്രം ഉപയോഗിക്കുക.ഇതെന്റെ അപേക്ഷയാണ്...

*ഫാത്തിമ ലെന. ടി-കെ 9C*

# സൂര്യമാനസം

(കവിത)

ഓരോ പകലിലും ഞാൻ വിടർന്നത്
നിനക്ക് വേണ്ടിയായിരുന്നില്ലേ
ഇളവെയിൽ ചൂടിലും , പോക്കുവെയിൽ മഞ്ഞയിലും
കണ്ണിമയനങ്ങാതെ ഞാൻ നോക്കി നിന്നത് നിയറിഞ്ഞില്ലേ ?
ഉള്ളമെരിഞ്ഞു നിന്നോടായിരം
സ്നേഹക്കനലുകൾ ജ്വലിച്ചടങ്ങിയിട്ടും......
പൊള്ളുമെരിവെയിലേറ്റ വാങ്ങി
നിന്റെ നിഴലു നോക്കി നടന്ന എന്റെ ആശ
ഇതളുകളിൽ വെറുങ്ങലിച്ച നിന്നതും നീ കണ്ടില്ലേ ?
ഇനി നീയസ്തമിച്ച മറയുമ്പോൾ
എന്റെ ഇതളുകൾ മണ്ണിലലിയും.....
എല്ലാം ത്യജിച്ച് ഓർമകളെരിഞ്ഞ് ഞാനണയുമ്പോൾ.....
നാളെ പുലരികളിൽ നീയുദിച്ചുയരണം..........


*അനുശ്രീ 9A*

# ആഗ്രഹം,ലക്ഷ്യം,വിജയം

## ശരിവഴികളറിഞ്ഞ് മുന്നേറാം....

ആഗ്രഹങ്ങളുടെ ശക്തി അപാരമാണ്. മനസ്സിന് പ്രവർത്തിക്കാനുള്ള ഊർജം ലഭിക്കുന്നത് ആഗ്രഹങ്ങളിൽ നിന്നാണ്. വിജയത്തെക്കുറിച്ചുള്ള സ്വപ്നമായിരിക്കണം ഓരോ ഉദ്യോഗാർഥിയും യാത്രയിലുടനീളം കാണേണ്ടത്. മനസ്സിന്റെ ഈ ലക്ഷ്യ ബോധത്തിന്റെ ശക്തിയാണ് നമ്മെ വിജയത്തോടടുപ്പിക്കുന്നത്. അതിനാൽ ജയിക്കണം എന്ന തീവ്രമായ ആഗ്രഹം ഓരോ ഉദ്യോഗാർഥിക്കും ഉണ്ടായേ മതിയാകൂ. അതിനാൽ ലക്ഷ്യം വേണം.

ലക്ഷ്യം തീരുമാനിച്ചാലേ വിജയിക്കണമെന്ന അടങ്ങാത്ത ആഗ്രഹം ഉണ്ടാവുകയുള്ളൂ. ഇതാണ് വിജയത്തിലേക്കുള്ള വഴിയുടെ ആദ്യ ചുവട്. ഈ കെടാത്ത തിരി നാളത്തിന്റെ വെളിച്ചം വിജയത്തിലേക്ക് നമ്മേ നയിക്കും. ദൃഢനിശ്ചയം



വിജയത്തിന്റെ പടവുകൾ താണ്ടാൻ നമ്മെ സഹായിക്കും. ഏതു പരാജയ ഭീക്ഷണിയിലും മുന്നേറാനും എല്ലാ സാഹചര്യങ്ങളേയും അതി ജീവിക്കാനും മനസ്സിന് കരുത്ത് പകരുന്നത് ഈ ആഗ്രഹമായിരിക്കും. എന്നും വിജയം സ്വപ്നം കാണുക. എന്റെ ലക്ഷ്യം ഇതാണെന്നും അത് നേടുന്നതു വരെ പ്രവർത്തനം തുടരുമെന്നും മനസ്സിനെ പറഞ്ഞു പഠിപ്പിക്കുക. ആഗ്രഹിച്ച ലക്ഷ്യം നേടാതെ സന്തോഷിക്കില്ല എന്നും വിശ്രമത്തിക്കില്ല എന്നും എന്തുവന്നാലും ആഗ്രഹം മാറ്റി വെച്ച് വിട്ടുവീഴ്ച ചെയ്യില്ല എന്നുമുള്ള ഉറച്ച തീരുമാനത്തിലെത്താൻ നിശ്ചയ ദാർഢ്യത്തോടെ യാത്ര തുടരാൻ ഈ സ്വപ്നം നൽകുന്ന ഊർജം മതി. ഇതാണ് വിജയത്തിലേക്കുള്ള വഴിയിൽ ലക്ഷ്യമെത്തുന്നതു വരെ നാം ഓരോരുത്തരും മുറുക്കിപ്പിടിക്കേണ്ട ചിന്ത. വിജയിക്കാനുള്ള തീവ്രമായ ആഗ്രഹം നമ്മെ നയിക്കട്ടെ. അല്ല, ആഗ്രഹത്തിനു മാത്രമേ നമ്മേ നയിക്കാൻ പറ്റൂ. വിജയത്തിലേക്കുള്ള വഴിയിൽ യാത്ര ചെയ്യാൻ ആഗ്രഹിക്കുന്നവർ ശീലിക്കേണ്ട പരമപ്രധാനമായ കാര്യം സമയം സദുപയോഗം ചെയ്യുക എന്നതാണ്. ആഗ്രഹം ദൃഢമാണെങ്കിൽ, സമയം കണ്ടെത്താൻ ബുദ്ധിമുട്ടുണ്ടാകില്ല. സമയം എന്ന ധനമാണ് വിജയം നേടാനുള്ള നമ്മുടെ കൈമുതൽ. അതിനാൽ ഈ ധനം മുതലായി ഉപയോഗിക്കുന്നത് ശീലമാക്കുക.

വിജയിക്കണമെന്ന തീവ്രമായ ആഗ്രഹത്തോടെ സമയം സദുപയോഗം ചെയ്ത് കഠിനാധ്വാനം ചെയ്താലും വഴിയിൽ ചില തടസ്സങ്ങൾ നേരിട്ടേക്കാം. ചിലപ്പോൾ പരാജയപ്പെടാം. മറ്റുള്ളവരുടെ കളിയാക്കലിന് പാത്രമാകാം. ശാരീരിക

മാനസിക അവശതകൾ നേരിട്ടേക്കാം. ഇതിനെയൊക്കെ മറികടക്കാനുള്ള കരുത്ത് മനസ്സിന് പകർന്ന് നൽകേണ്ടത് വിജയം നേടാൻ അത്യന്താപേക്ഷിതമാണ്. സ്വപ്നത്തിന്റെ ചിറകിലേറിയുള്ള യാത്രയിൽ എന്ത് തടസ്സമുണ്ടായാലും അതിനെ മറികടക്കാൻ പറ്റണം. ഇത് കൂടാതെ മനസ്സിന്റെ സന്ദേഹങ്ങൾ അകറ്റാനും സ്വന്തം വിജയത്തിലേക്കും ലക്ഷ്യത്തിലേക്കുമുള്ള വിശ്വാസം നഷ്ടപ്പെടാതിരിക്കാനും ശ്രമിക്കണം. വിജയത്തിലേക്കുള്ള വഴിയിൽ നിരവധി തടസങ്ങൾ നേരിട്ടേക്കാം. അത്തരം തടസങ്ങൾ ഒഴിവാക്കി ശാന്തമായി സധൈര്യം പരീക്ഷകളെ നേരിടാൻ മനസ്സിനെ സജ്ജമാക്കിയില്ലങ്കിൽ ഗോൾ പോസ്റ്റ് വരെ എല്ലാവരേയും പിന്നിലാക്കി മുന്നേറിയിട്ട് പന്ത് പുറത്തേക്കടിച്ച് അവസരം കളയുന്ന കളിക്കാരന്റെ അവസ്ഥ കൈവരും. ഇതിനെ മറികടക്കാൻ ആത്മവിശ്വാസത്തോടെ ധർമ്മം ചെയ്യുതിന്റെ ഫലം ലഭിക്കുമെന്ന ശുഭാപ്തിവിശ്വാസത്തോടെ പ്രശാന്തമായി വിജയത്തിന്റെ വഴിയിലെ പരീക്ഷകളേയും പരീക്ഷണങ്ങളേയും നേരിടണം. മനസ്സിന്റെ കരുത്ത് തന്നെയാണ് വിജയിയുടെ ശക്തി .

വിജയം നേരിടാൻ അനിവാര്യമായ മറ്റൊരു കാര്യം കൃത്യമായ മാർഗനിർദേശമാണ്. ശരിയായ ഉപദേശം ലഭിച്ചില്ലെങ്കിൽ, അധ്യയനം കൃത്യമായില്ലെങ്കിൽ വിജയം നേടാൻ പറ്റിയെന്ന് വരില്ല. ഇക്കാര്യത്തിന്റെ പ്രാധാന്യം മനസ്സിലാക്കി ആവശ്യമായ മുൻകരുതലും കൃത്യമായ നിർദേശവും ഓരോരുത്തരും സ്വീകരിക്കേണ്ടതുണ്ട്.

കൃത്യമായ മാർഗനിർദേശവും കോച്ചിങ്ങും മുൻഗണന നൽകി പഠിക്കേണ്ടതിന്റെ പ്രാധാന്യവുമൊക്കെ ഓരോ ആളും തിരിച്ചറിയണം. എല്ലാ പാഠഭാഗവും ആഴത്തിൽ പഠിക്കേണ്ടതിൽ മുൻഗണന നൽകി വായിക്കേണ്ടത് കണ്ടെത്താനും നിർബന്ധമായും അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ ഒഴിവാക്കാതിരിക്കാനുമൊക്കെ കൃത്യമായി അറിഞ്ഞാലെ ഇന്നത്തെ വെല്ലുവിളികൾ വർധിച്ച വരുന്ന ലോകത്തിൽ വിജയം നേടാൻ സാധിക്കൂ. തീർച്ചയായും കൃത്യമായ മാർഗനിർദേശവും പരിശീലനവും മുൻഗണന മനസ്സിലാക്കിയുള്ള പഠനവും വിജയത്തിലേക്കുള്ള വഴിയിൽ ഒരു സുപ്രധാന കാര്യമാണ്.

മനസ്സിലെ ആഗ്രഹം നയിക്കുന്ന ശക്തി ഉപയോഗിച്ച് കൃത്യമായ മാർഗനിർദേശത്തോടെ സമയം പാഴാക്കാതെ പരിശീലനം നേടി ആത്മവിശ്വാസത്തോടെ മുന്നേറിയാൽ ഒറു ലക്ഷ്യവും ആർക്കും അപ്രാപ്യമല്ല.

"വിജയിക്കണമെന്ന് നിശ്ചയിക്കുയാണ് തോൽക്കാതിരിക്കാനുള്ള എളുപ്പവഴി."

ഹിബ ബാനു. പി.സി 9C

# ലഹരി സമൂഹത്തിൽ

**(ലേഖനം)**

നമ്മുടെ നാട്ടിൽ ഇപ്പോൾ ലഹരി വിദ്യാർത്ഥികളിലും കണ്ടുവരുന്നുണ്ട്. ഇത് വിദ്യാർത്ഥികൾക്കും സമൂഹത്തിനും വളരെ അധികം ആപത്തുണ്ടാക്കുന്നു ഇത് ഒരാൾ ഉപയോഗിച്ചാൽ സമൂഹത്തിലെ എല്ലാവരുടെ ജിവിതവും നശിക്കുന്നതാണ്. ലഹരി ഒരാളുടെ ശ്വാസകോശത്തിനും, ഹൃദയത്തിനും, വൃക്കകൾക്കുമെല്ലാം തകരാറ് ഉണ്ടാക്കുകയും ക്യാൻസർ , അൾസർ എന്നിങ്ങനെയുള്ള രോഗങ്ങൾക്കും കാരണമാകുകയും ചെയ്യുന്നു. മനുഷ്യർ ലഹരി ഉപയോഗിക്കുന്നത് മൂലം ഓരോ തലമുറകളുടേയും ജീവൻ നശിക്കുന്നു. ലഹരി മനുഷ്യനിൽ ശത്രുതയും വിദ്വേഷവും ഉണ്ടാക്കുകയും ഇത് മൂലം ആരോഗ്യ പ്രശ്നങ്ങൾ കൂടുതലായി ഉണ്ടാവുകയും ചെയ്യുന്നു. കുടുംബ കലഹങ്ങൾ, ദാരിദ്ര്യം, രോഗങ്ങൾ, ആത്മഹത്യ എന്നിവയെല്ലാം ലഹരി മൂലം സമൂഹത്തിലുണ്ടാവുന്ന പ്രശ്നങ്ങളാണ്. ലഹരി മനുഷ്യരെ ഓരോരുത്തരേയും തിന്നു നശിപ്പിക്കുകയാണ്. ലഹരി നാടിന് ആപത്താണ്.



റനീഹ ജെബിൻ 8 A

# അച്ചടക്കം വിദ്യാർത്ഥികളിൽ

വിദ്യാർത്ഥികളിൽ അച്ചടക്കബോധം എങ്ങനെ ഊട്ടിയുറപ്പിക്കാമെന്ന് ഗൗരവപൂർവ്വം അന്വേഷിക്കേണ്ട കാലമാണിത്. അച്ചടക്കമില്ലാതെ ഒരു ജനവിഭാഗത്തിനും ജീവിത വിജയം നേടാനാവില്ല. അച്ചടക്കമില്ലാത്ത ജീവിതം ചരടുപൊട്ടിയ പട്ടം പോലെയാണ്. കാരണം കെട്ടു പൊട്ടിയ പട്ടം എവിടെയെങ്കിലും ചെന്ന് വീഴുന്നതു പോലെ അച്ചടക്കമില്ലാത്ത ജീവിതവും എവിടെയെങ്കിലും ചെന്ന് അവസാനിക്കുകയാണ് പതിവ്.




അച്ചടക്കം എന്നത് അടുക്കും ചിട്ടയുമുള്ള ജീവിതവും നല്ല പെരുമാറ്റ ശൈലിയുമാണ്. ഇന്നത്തെ വിദ്യാർത്ഥികൾ നാളത്തെ വാഗ്ദാനങ്ങളാണ്. അച്ചടക്കമുള്ള വിദ്യാർത്ഥികൾക്ക് മാത്രമേ ഭാവിയെ പറ്റി സുന്ദരസ്വപ്നങ്ങൾ നിർമിക്കാനാവൂ.

അച്ഛനമ്മമാരെയും അധ്യാപകരേയും അനുസരിക്കുകയും അവരുടെ നിർദേശമനുസരിച്ച് മുൻപോട്ടു പോകുകയും ചെയതാൽ ജീവിതത്തിൽ എന്നും വിജയങ്ങൾ കൈവരിക്കാം. എന്നാൽ അച്ചടക്കം ഇല്ലായ്മ എന്നത് പരാജയത്തിലേക്കുള്ള ഒരു ചവിട്ടു പടിയാണ്. അതു നമ്മളെ പലതിലേക്കും വലിച്ചു കൊണ്ടുപോകും. വിദ്യാർത്ഥികൾ പ്രത്യേകിച്ചും മയക്കമരുന്നിലേക്കും മറ്റു ചീത്ത

ദുശ്ശീലങ്ങളിലേക്കും നയിക്കപ്പെടുന്നു.


സ്കൂളിലെ നിയമങ്ങളെല്ലാം അനുസരിക്കുക എന്നത് ഓരോ വിദ്യാർത്ഥിയുടേയും കടമയാണ്. തൊട്ടതിനും പിടിച്ചതിനുമെല്ലാം സമരം ചെയ്യുകയും ബസ്സിനു കല്ലെറിയുകയും ചെയ്യുന്ന ഛോട്ടാ നേതാക്കളുടെ പുറകേപോയി വിദ്യാലയത്തിന്റെ സൽപേര് കളഞ്ഞു പോകരുത്. അനധികൃതമായി പഠിപ്പുമുടക്കി തെരുവിലിറങ്ങുന്നവർക്ക് അവസാനം തെരുവായിരിക്കും ഉണ്ടാവുക. പുസ്തകങ്ങൾ വലിച്ചെറിഞ്ഞ് സമരത്തിന്റെ തീച്ചൂളയിലേക്കു എടുത്തു ചാടുന്ന അല്പബുദ്ധികളെ വിദ്യാർത്ഥികളെന്നല്ല, സമരാർത്ഥികളെന്നാണു വിളിക്കേണ്ടത്.

വിദ്യാർത്ഥികളിൽ കൂടുതലായിട്ടും അക്രമം വരുന്ന കാലമാണിത്. നിസ്സാരകാര്യത്തിന് പൊട്ടിത്തെറിക്കും. അശാന്തമായ അന്തരീക്ഷത്തിൽ ഒന്നും അഭ്യസിക്കാനാവില്ല. ശാന്തിയിലൂടെയാണ് എല്ലാ വിദ്യാർത്ഥികളും നന്മകൾ വിടർത്തുന്നത്. അക്രമത്തെ ഒരു കാലത്തും പ്രോൽസാഹിപ്പിക്കരുത്.

അച്ചടക്കമാണ് ജീവിത വിജയത്തിനു കാരണമെന്ന് എപ്പോഴും ഓർമയുണ്ടായിരിക്കണം.

***ബുനയ്യ.സി.ടി 8A***

# ഇന്ത്യയുടെ ചൈതന്യം...




കുട്ടികൾക്ക് വായിക്കാൻ പറ്റിയ നല്ലൊരു പുസ്തകമാണ് ഇന്ത്യയുടെ ചൈതന്യം.ആർക്കു വായിച്ചാലും ഇഷ്ടപ്പെടുന്ന ഒരു പുസ്തകമാണ് ഇത്.പുസ്തകത്തിന്റെ പരിഭാഷകൻ എൻ.ശ്രീകുമാർ ആണ്.അബ്ദുൽ കലാമാണ് എഴുതിയത്. ഇന്ത്യൻ യുവത്വത്തിന്റെ സ്വപ്നങ്ങളും അഭിലാഷങ്ങളും ആശങ്കകളും ചിന്തകളും ഈ പുസ്തകം പ്രതിഫലിപ്പിക്കുന്നു .

അസമത്വത്തിന്റെയും അസ്വസ്ഥതകളുടെയും നടുവിൽ കരുത്താർജിക്കുവാനും കർമനിരതരാകുവാനും നാമോരോരുത്തരെയും പ്രേരിപ്പിക്കുന്നതാണ് ഈ പുസ്തകം .

സുശക്തവും ഏകോപിതവും ചൈതന്യപൂർണവുമായ ഒരു രാഷ്ട്രം കെട്ടിപ്പടുക്കുന്നതിന് ശരിയായ മാർഗ ദർശനം നൽകുന്ന ചിന്തകളാണ് മുൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൽ കലാമിന്റെ ഈ പുസ്തകത്തിൽ ഉള്ളത്

*അനുമോൾ 8B*

# കേരളം

*(കുറിപ്പ് )*

പർവ്വതശിഖരങ്ങളും താഴ്വരകളും നദികളും കായലുകളും കൊണ്ട് രമണീയമായ പ്രകൃതിയാൽ അനുഗ്രഹീതമാണ് കേരളം. പ്രകൃതി കനിഞ്ഞു നൽകിയ സമ്പത്തും അഴകും അപൂർവ്വതകളും ദൈവത്തിന്റെ സ്വന്തം നാട് എന്ന് വിശേഷിപ്പിക്കപ്പെടുന്ന കേരളം ആ പേരിന് തികച്ചും അർഹം തന്നെ.

ഭാഷയുടെ അടിസ്ഥാനത്തിൽ 'കേരളം'എന്ന സംസ്ഥാനം 1956 നവംബർ 1 നാണ് രൂപം കൊണ്ടത് . എന്നാലും പൗരാണികമായ ചരിത്രവും ,കല ,ശാസ്ത്രം തുടങ്ങിയ രംഗങ്ങളിലെ പാരമ്പര്യവും ഈ നാടിനെ മഹത്തരമാക്കുന്നു

നദികളും തടാകങ്ങളും കായലുകളും കുളങ്ങളും നൽകുന്ന ജലസമൃദ്ധിയിലും കേരളം വളരെ മുമ്പിലാണ്. ഈ ജലസമൃദ്ധി ഇവിടുത്തെ കാർഷിക മേഖലക്കും വനസമ്പത്തിനും കൂടുതൽ ചൈതന്യം നൽകുന്നു. കാലാവസ്ഥയും പ്രകൃതിയെ പോലെ തന്നെ ആകർഷകമാണ്

***നൂറസാലി 9D***

# ധന്യ നിമിഷങ്ങളിലൂടെ



സർട്ടിഫിക്കറ്റ് വിതരണം








ഫയർ & റസ്ക്യൂ മോക് ഡ്രിൽ






ബോധവൽകരണ ക്ലാസ്സ്



ശുചീകരണം

# നന്ദി

ഡിജിറ്റൽ മാഗസിൻ തയ്യാറാക്കാൻ സഹായിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും നേതൃത്വം നൽകിയ അധ്യാപകർക്കും ഒരായിരം നന്ദി.



എഡിറ്റർ